LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

205 (217) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് അവസാനിച്ചിട്ട് ഒന്നര വർഷത്തോളമായി എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ടി തസ്തികയിലേയ്ക്ക് 12-1-2021-ൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് 12-1-2021-ൽ നടന്ന പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുരോഗമിച്ചു വരുന്നു.

മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം

206 (218) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ കാരണം മഞ്ചേശ്വരം മണ്ഡലത്തിലെ രോഗികളായ ജനങ്ങൾക്ക് വിദഗ്ധ ചികിത്സക്കായി മംഗലാപുരത്തേയ്ക്ക് പോകുന്നതിന് തടസ്സമുണ്ടായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം സാഹചര്യത്തിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ വിദഗ്ധ ഡോക്ടർമാരെയും നഴ്സ് തുടങ്ങിയ സ്റ്റാഫുകളെയും നിയമിക്കുന്നതിന് നടപടിയുണ്ടാകുമോ?

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ ഡോക്ടർ തസ്തികയിൽ താഴെപ്പറയുന്ന അനുവദനീയ തസ്തികകളാണുള്ളത്:

അസിസ്റ്റന്റ് സർജൻ-4, ജൂനിയർ കൺസൾട്ടന്റ്-ഗൈനക്കോളജി-1, ജൂനിയർ കൺസൾട്ടന്റ്-പീഡിയാട്രിക്സ്- 1, ഡെന്റൽ അസിസ്റ്റന്റ് സർജൻ- 1, സ്റ്റാഫ് നേഴ്സ്- 2. ആയതിൽ മുഴുവൻ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുള്ളതാണ്.